"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - പൊതുസ്ഥലങ്ങളിൽ മാലിന്യ ശേഖരണ ബിന്നുകൾ സ്ഥാപിക്കുന്നതിനുള്ള മാർഗരേഖ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**തദ്ദേശ സ്വയംഭരണ (ഡബ്ല്യു.എം.) വകുപ്പ്**

സ.ഉ.(സാധാ) നം.354/2025/LSGD    തീയതി,തിരുവനന്തപുരം, 04-02-2025

---

പരാമർശം:- ശുചിത്വമിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 27.01.2025-ലെ SM/1603/2024-C3 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

പൊതുസ്ഥലങ്ങളിൽ മാലിന്യ ശേഖരണ ബിന്നുകൾ സ്ഥാപിക്കുന്നത് സംബന്ധിച്ച കരട് മാർഗരേഖ പരാമർശത്തിലെ കത്ത് പ്രകാരം ശുചിത്വമിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ ലഭ്യമാക്കിയിരുന്നു.

(2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പൊതുസ്ഥലങ്ങളിൽ മാലിന്യ ശേഖരണ ബിന്നുകൾ സ്ഥാപിക്കുന്നത് സംബന്ധിച്ച മാർഗരേഖ, ഇതോടൊപ്പം അനുബന്ധമായി ചേർത്തിരിക്കുന്ന പ്രകാരം, അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അനുപമ ടി വി
സ്പെഷ്യൽ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്.
ഡയറക്ടർ, തദ്ദേശ സ്വയംഭരണ (അർബൻ) വകുപ്പ്, തിരുവനന്തപുരം.
ഡയറക്ടർ, തദ്ദേശ സ്വയംഭരണ (റൂറൽ) വകുപ്പ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ)/ (ഓഡിറ്റ്), കേരള, തിരുവനന്തപുരം.
എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപന സെക്രട്ടറിമാർക്കും (തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം.
ഐ&പി.ആർ. (വെബ് & ന്യൂ മീഡിയ) വകുപ്പ്.
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
Manish V V
Date: 05-02-2025 04:24:19
സെക്ഷൻ ഓഫീസർ

പകർപ്പ് :- തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പി.എസ്.ന്

തദ്ദേശ സ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ സി.എ.ക്ക്.

## അനുബന്ധം

### പൊതുസ്ഥലങ്ങളിൽ മാലിന്യ ശേഖരണ ബിന്നുകൾ സ്ഥാപിക്കുന്നത് സംബന്ധിച്ച മാർഗരേഖ

പ്രധാന ജംഗ്ഷനുകൾ, മാർക്കറ്റുകൾ, വിനോദസഞ്ചാരകേന്ദ്രങ്ങൾ, യാത്രക്കാരുടെ തിരക്ക് കൂടുതലുള്ള പ്രദേശങ്ങൾ എന്നിവിടങ്ങളിൽ പരിസര ശുചിത്വം ഉറപ്പാക്കുന്നതിന്, മാലിന്യ ശേഖരണത്തിനാവശ്യമായ ബിന്നുകൾ സ്ഥാപിക്കേണ്ടത് അത്യാവശ്യമാണ്. ഇതിനായി സ്ഥാപിക്കുന്ന ബിന്നുകളുടെ അളവ്, വലിപ്പം, സ്ഥാനം എന്നിവ ശ്രദ്ധാപൂർവ്വം തീരുമാനിക്കേണ്ടതാണ്. മാലിന്യം നിക്ഷേപിക്കുന്നതിലേക്ക് ആവശ്യമായ ബിന്നുകൾ സ്ഥാപിക്കൽ, സ്ഥാപിച്ചിട്ടുള്ള ബിന്നുകളുടെ പരിപാലനം, മാലിന്യം സമയബന്ധിതമായി നീക്കംചെയ്യൽ, മാലിന്യ നീക്കത്തിന് ആവശ്യമായ തൊഴിലാളികളെയും വാഹനങ്ങളെയും നിയോഗിക്കൽ, ശേഖരിച്ച മാലിന്യത്തിന്റെ ശാസ്ത്രീയ സംസ്കരണം എന്നിവ അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ചുമതലയാണ്. മാലിന്യ ശേഖരണത്തിനാവശ്യമായ ബിന്നുകളുടെ വിന്യാസം, പരിപാലനം, മാലിന്യ സംസ്കരണം എന്നിവ സംബന്ധിച്ച് ചുവടെ പറയുന്ന മാനദണ്ഡങ്ങൾ പാലിക്കേണ്ടതാണ്.

ബിന്നുകൾ സ്ഥാപിക്കുന്നതിന് മുന്നോടിയായി മുഴുവൻ വ്യാപാര വ്യാപാരേതര സ്ഥാപനങ്ങളിലും പ്രസ്തുത സ്ഥാപനങ്ങളിൽ നിന്നുള്ള സേവനത്തിലൂടെയോ പ്രവർത്തനങ്ങളിലൂടെയോ ഉപഭോക്താക്കളിൽ നിന്നോ ഉണ്ടാകുന്ന മാലിന്യം തരം തിരിച്ച് നിക്ഷേപിക്കുന്നതിനുള്ള ബിന്നുകൾ അതാത് സ്ഥാപനം സ്ഥാപിച്ച് പ്രവർത്തിപ്പിക്കേണ്ടതുണ്ട്. അത് തദ്ദേശ സ്വയംഭരണ സ്ഥാപന സെക്രട്ടറി ഉറപ്പാക്കേണ്ടതാണ്. അതോടൊപ്പം ഒപ്പം തന്നെ അജൈവ മാലിന്യത്തിന്റെ 100% വാതിൽപ്പടി ശേഖരണവും ജൈവ മാലിന്യത്തിന്റെ ഉറവിട സംസ്കരണവും ഉറപ്പാക്കേണ്ടാതാണ്. വീടുകളിലെയും സ്ഥാപനങ്ങളിലെയും മാലിന്യം പൊതു സ്ഥലത്ത് സ്ഥാപിച്ചിരിക്കുന്ന ബിന്നുകളിൽ എത്തുന്നില്ല എന്ന് തദ്ദേശ സ്വയംഭരണ സ്ഥാപനം ഉറപ്പാക്കണം. അതിന് വിരുദ്ധമായി പ്രവർത്തിക്കുന്ന വീടുകൾക്കും സ്ഥാപനങ്ങൾക്കുമെതിരെ കർശന നടപടികൾ സ്വീകരിക്കേണ്ടതാണ്.

I. പൊതുയിടങ്ങളിലെ ബിന്നുകൾ സ്ഥാപിക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

1. സ്ഥാപിക്കേണ്ട ബിന്നുകളുടെ എണ്ണം, അവയിൽ നിന്ന് മാലിന്യം നീക്കം ചെയ്യുന്നതിന്റെ ഇടവേള, ബിന്നുകളുടെ തരം (ജൈവം/ അജൈവം) എന്നിവ അവ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്ന സ്ഥലത്തിന്റെ സ്വഭാവം, അവിടെ എത്തിച്ചേരുന്ന ആളുകളുടെ എണ്ണം, അവിടെ ഉത്പാദിപ്പിക്കപ്പെടുന്ന മാലിന്യത്തിന്റെ തരം, അളവ് എന്നിവയുടെ അടിസ്ഥാനത്തിൽ നിശ്ചയിക്കേണ്ടതാണ്.
2. പൊതുജനങ്ങൾക്ക് എളുപ്പത്തിൽ ഉപയോഗപ്പെടുത്താവുന്ന വിധത്തിൽ, വളരെയധികം പൊതുജനങ്ങൾ എത്തിച്ചേരുന്ന ഇടങ്ങളിൽ 25 മീറ്റർ ഇടവിട്ടും, താരതമ്യേന തിരക്ക് കുറവുള്ള ഇടങ്ങളിൽ മാലിന്യത്തിന്റെ അളവ് അനുസരിച്ച് 100 മുതൽ 250 മീറ്റർ ഇടവിട്ടും, മറ്റുള്ള

സ്ഥലങ്ങളിൽ പരമാവധി 500 മീറ്റർ അകലത്തിൽ എന്ന കണക്കിനും ബിന്നുകൾ സ്ഥാപിക്കേണ്ടതാണ്.

3. മാലിന്യം ശേഖരിക്കുവാൻ ഉള്ള വാഹന-ഗതാഗത സൗകര്യം പരിഗണിച്ചുകൊണ്ട്, പൊതുജനങ്ങൾക്ക് ദൃശ്യമാകുന്നവിധവും ഉപയോഗിക്കാൻ കഴിയുന്ന വിധത്തിലും ആയിരിക്കണം ബിന്നുകൾ സ്ഥാപിക്കേണ്ടത്.
4. ബിന്നുകൾ സ്ഥാപിക്കുമ്പോൾ ഗതാഗതം തടസ്സപ്പെടുകയോ, കാൽനടയാത്രക്കാർക്ക് തടസ്സമുണ്ടാക്കുകയോ, എമെർജൻസി എക്സിറ്റുകൾ തടസ്സപ്പെടുകയോ ചെയ്യരുത്.
5. ഡിസൈൻ പരിഗണിക്കുമ്പോൾ മറ്റ് മാലിന്യങ്ങൾ നിക്ഷേപിക്കുന്നത് തടയുന്നതിന് സുരക്ഷിതവും എളുപ്പത്തിൽ തുറക്കുവാനും അടക്കുവാനും സാധിക്കുന്ന അടപ്പ്, ഭിന്നശേഷി സൗഹൃദമായവ, തുറസ്സായ സ്ഥലങ്ങളിലെ ഉപയോഗത്തിന് അനുയോജ്യമായ ഈടുനിൽക്കുന്ന മെറ്റീരിയൽ കൊണ്ട് നിർമ്മിച്ചവ എന്നിവ പരിഗണിക്കേണ്ടതാണ്.




6. പൊതു ഇടങ്ങളിൽ സ്ഥാപിച്ചിട്ടുള്ള ബിന്നുകളിൽ നിന്നും കൃത്യമായ ഇടവേളകളിൽ മാലിന്യം നീക്കം ചെയ്യേണ്ടത് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ ഉത്തരവാദിത്തമാണ് .
7. മാലിന്യ നീക്കം തടസ്സപ്പെടുന്നത് മൂലം, ഇത്തരം ബിന്നുകളാൽ പരിസര മലിനീകരണം ഉണ്ടാകുന്നതിനും, ബിന്നുകൾക്ക് ചുറ്റും മാലിന്യം കൂടിക്കിടക്കുന്നതു ഒഴിവാക്കുന്നതിലേക്കും ആവശ്യമായ നടപടി തദ്ദേശ സ്വയംഭരണ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.
8. പൊതു ബിന്നുകളിൽ നിന്ന് മാലിന്യങ്ങൾ ദിവസേന ശേഖരിക്കുന്നതിനും അത് MCF ലേക്ക് അല്ലെങ്കിൽ തദ്ദേശ ഭരണസ്ഥാപനം ക്രമീകരിച്ച പ്രത്യേക സൗകര്യങ്ങളിലേക്ക് കൊണ്ടുപോകുന്നതിനും ശേഖരിച്ച മാലിന്യങ്ങൾ വേർതിരിക്കുന്നതിനും തദ്ദേശ ഭരണസ്ഥാപനം കൃത്യമായ ക്രമീകരണം ഏർപ്പെടുത്തേണ്ടതാണ്.
9. ബിന്നുകളിൽ നിന്ന് പതിവായി മാലിന്യം ശേഖരിക്കുന്നത് ഉറപ്പാക്കാൻ ജി.പി.എസ്. സൗകര്യമുള്ള വാഹനങ്ങളുള്ള ഒരു പ്രത്യേക ടീമിനെ നിയോഗിക്കേണ്ടതും കൈയ്യുറകൾ, ബൂട്ടുകൾ, മാസ്കുകൾ, മറ്റ് ആവശ്യമായ സാമഗ്രികൾ എന്നിവ ഉൾപ്പെടെ മതിയായ സുരക്ഷാ ഉപകരണങ്ങൾ ഈ ടീമിന് നൽകേണ്ടതുമാണ്.
10. MCF-കളിൽ എത്തിക്കുന്ന മാലിന്യങ്ങൾ ജൈവം, അജൈവം എന്നിവയായി പരമാവധി വേർതിരിക്കേണ്ടതും വേർതിരിക്കാൻ കഴിയാത്ത മിശ്രിത മാലിന്യം പ്രത്യേകം സൂക്ഷിക്കേണ്ടതുമാണ്.

11. ഇത്തരത്തിൽ തരംതിരിക്കുന്ന ജൈവ മാലിന്യങ്ങൾക്കായി അവിടെത്തന്നെ ഒരു ഉറവിട സംസ്കരണ സംവിധാനം ഒരുക്കുകയോ അല്ലെങ്കിൽ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ കീഴിൽ അടുത്തുള്ള ജൈവ മാലിന്യസംസ്കരണ കേന്ദ്രത്തിലേക്ക് അയക്കുകയോ വേണം.
12. തരംതിരിച്ച അജൈവ മാലിന്യങ്ങൾ MCF-കളിലെ പതിവ് സംവിധാനം വഴി കൈകാര്യം ചെയ്യേണ്ടതാണ്
13. തരംതിരിക്കാൻ കഴിയാത്ത മിശ്രിത / അജൈവ മാലിന്യം നിശ്ചിത തുക നൽകി തുടർ സംസ്കരണത്തിനായി CKCL-ന് കൈമാറേണ്ടതാണ്.
14. CKCL/സർക്കാർ അംഗീകൃത ഏജൻസി MCF-കളിൽ നിന്ന് മിശ്രിത / അജൈവ മാലിന്യങ്ങൾ പതിവായി ശേഖരിക്കേണ്ടതും ശാസ്ത്രീയ സംസ്കരണം ഉറപ്പാക്കുകയും അന്തിമ സംസ്കരണത്തിന് മുൻപായി ഇവയിൽ നിന്ന് പരമാവധി പുനഃചംക്രണ സാധ്യമായ പാഴ്‌വസ്തുക്കൾ രണ്ടാം ഘട്ട തരം തിരിവിലൂടെ തരംതിരിച്ച് എടുക്കാൻ ശ്രമിക്കേണ്ടതാണ്.
15. ഇത്തരത്തിൽ രണ്ടാം ഘട്ട തരം തിരിവിലൂടെ ലഭിക്കുന്ന പുനഃചംക്രണ സാധ്യമായ പാഴ്‌വസ്തുക്കൾ റീസൈക്ലിംഗ് സൗകര്യമുള്ള സ്ഥാപനങ്ങളിലേക്ക് അയക്കേണ്ടതും, ശേഷിക്കുന്ന ജ്വലന സാധ്യമായ റിജെക്റ്റ് മാലിന്യങ്ങൾ സിമന്റ് ഫാക്ടറികളിലേക്ക് സംസ്കരണത്തിനായി അയയ്‌ക്കേണ്ടതുമാണ്.
16. ജില്ലാതല സംവിധാനത്തിൽ മാലിന്യ സംസ്കരണത്തിന് ആവശ്യമായ എല്ലാ സംവിധാനങ്ങളും ഉണ്ടെന്ന് CKCL ഉറപ്പ് വരുത്തേണ്ടതാണ്.

II. ബഹുജന വിദ്യാഭ്യാസ - പ്രചാരണ പരിപാടികൾ

1. പൊതുജനങ്ങൾക്ക് സഹായകമായ രീതിയിൽ, ബിന്നുകളുടെ സ്ഥാനം, തരം എന്നിവ സൂചിപ്പിക്കുന്ന ബോർഡുകൾ കൃത്യമായും സ്ഥാപിക്കേണ്ടതാണ്.
2. ജൈവമാലിന്യങ്ങൾ ഉണ്ടാകുവാൻ ഇടയുള്ള സ്ഥലങ്ങളിൽ ശേഖരിക്കേണ്ട മാലിന്യത്തിന്റെ തരം വ്യക്തമായി തിരിച്ചറിയാൻ ബിന്നുകളിൽ ജൈവം-അജൈവം എന്നിങ്ങനെ വ്യക്തമായി മനസ്സിലാക്കാൻ കഴിയുന്ന രീതിയിൽ ലേബലിംഗ് നൽകണം.
3. എല്ലാ ബിന്നുകളിലും ഇംഗ്ലീഷ്, മലയാളം ഭാഷകളിൽ ലേബൽ നൽകണം. അതിർത്തി പ്രദേശങ്ങളിൽ ഈ ഭാഷകൾക്ക് പുറമേ അതിർത്തി പങ്കിടുന്ന സ്ഥലങ്ങളിലെ ഭാഷകളിലും മറ്റ് സാധ്യതയുള്ള ഭാഷകളിലും അതിഥി തൊഴിലാളികൾ വസിക്കുന്ന ഇടങ്ങളിൽ ഹിന്ദിയിലും ലേബൽ നൽകേണ്ടതാണ്.
4. കാഴ്ച വൈകല്യം ഉള്ളവർക്ക് സഹായകമായ രീതിയിൽ ബിന്നുകളിൽ ബ്രയിലി ലിപി ഉപയോഗിച്ചും ലേബലിംഗ് നടത്തേണ്ടതാണ്.
5. രാത്രിയിൽ ബിന്നുകൾ തിരിച്ചറിയുന്ന വിധത്തിൽ സമീപത്ത് വെളിച്ചം ക്രമീകരിക്കുകയും, ബിന്നുകളിൽ റിഫ്ലക്ടർ പതിക്കുകയും ചെയ്യേണ്ടതാണ്.
6. ഓരോ തരം മാലിന്യവും നിക്ഷേപിക്കാനുള്ള ബിന്നുകൾ, പരാതിപ്പെടാനുള്ള ഫോൺ നമ്പർ തുടങ്ങിയ കാര്യങ്ങൾ കുറഞ്ഞത് 10 മീറ്റർ ദൂരെ നിന്നും വായിക്കാൻ കഴിയുന്ന തരത്തിൽ വ്യക്തമായി രേഖപ്പെടുത്തേണ്ടതാണ്.
7. കൃത്യമായ മാനദണ്ഡങ്ങൾ പാലിച്ച് സ്ഥാപിക്കുന്ന മാലിന്യശേഖരണ ബിന്നുകൾ പൊതുജനങ്ങൾക്കിടയിൽ ശുചിത്വബോധം പ്രോത്സാഹിപ്പിക്കുകയും, പൗരന്മാർക്കിടയിൽ

ഉത്തരവാദിത്തമുള്ള മാലിന്യ നിർമ്മാർജന രീതികളെ പറ്റിയുള്ള അവബോധം വളർത്തുകയും ചെയ്യുന്നു. ഇതിന് സഹായകമായ രീതിയിൽ പൊതുബിന്നുകളുടെ ഉപയോഗ രീതി, പരിപാലനം, പ്രാധാന്യം തുടങ്ങിയവ സംബന്ധിച്ച് വിപുലമായ ബഹുജന ബോധവത്കരണവും സംഘടിപ്പിക്കേണ്ടതാണ്.

III. പൊതു ബിന്നുകൾ - കർശന നിരീക്ഷണ സംവിധാനം

1. ബിൻ സ്ഥാപിക്കൽ, ശേഖരണം, മാലിന്യനീക്കം, മാലിന്യ സംസ്കരണം എന്നിവയുൾപ്പെടെ മുഴുവൻ പ്രവർത്തനത്തിനും മേൽനോട്ടം വഹിക്കുന്നതിനായി ഒരു സമഗ്ര നിരീക്ഷണ സംവിധാനം നടപ്പിലാക്കേണ്ടതും തുടർച്ചയായ നിരീക്ഷണം നടത്തേണ്ടതുമാണ്.
2. ബിന്നുകളുടെ ശരിയായ പരിപാലനം ഉറപ്പാക്കുന്നതിന് അനിവാര്യമായ ഇടങ്ങളിൽ ക്യാമറ നിരീക്ഷണ സംവിധാനം ഏർപ്പെടുത്തണം. കൂടാതെ സമീപത്തുള്ള സ്ഥാപനങ്ങളിലേയും/ വീടുകളിലേയും ക്യാമറ സംവിധാനത്തിന്റെ സാധ്യതയും പ്രയോജനപ്പെടുത്താനുള്ള ക്രമീകരണം ഉണ്ടാക്കേണ്ടതാണ്.
3. വിവിധ സംഘടനകളുടെ സഹായത്തോടെ പൊതുയിടങ്ങളിലെ ബിന്നുകൾക്ക് ജനകീയ നിരീക്ഷണം സാധ്യമാക്കേണ്ടതാണ്.
4. പൊതുയിടങ്ങളിലെ ബിന്നുകളിൽ സ്ഥാപനങ്ങൾ/വീടുകളിൽ നിന്നുള്ള മാലിന്യം നിക്ഷേപിച്ചാൽ കർശന നിയമനടപടി സ്വീകരിക്കണം ഇതിനുള്ള നിരീക്ഷണ സംവിധാനം ഏർപ്പാടാക്കണം. ഇതിനായി എൻഫോഴ്സ്മെന്റ് സ്ക്വാഡിന്റെ സേവനം ഉപയോഗപ്പെടുത്താവുന്നതാണ്.